**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2360** 09.03.2018 -ലെ മറുപടി

**ഡാമുകളുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികൾ**

ചോദ്യം
ശ്രീ.വി.പി.സജീന്ദ്രൻ

മറുപടി
മാത്യു ടി തോമസ്
ജലവിഭവ വകുപ്പമന്ത്രി

| | | | |
|---|---|---|---|
| എ) | ഡാമുകളുമായി ബന്ധപ്പെട്ട് എത്ര ടൂറിസം പദ്ധതികളുണ്ട്; അവയുടെ ലാഭവിഹിതം ജലസേചന വകുപ്പിന് ലഭിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | എ) | ഡാമുകളുമായി ബന്ധപ്പെട്ട് 13 ടൂറിസം പദ്ധതികളുണ്ട്. ഇവയിൽ താഴെ പറയുന്ന പദ്ധതികളിൽ നിന്നും ജലസേചന വകുപ്പിന് ലാഭവിഹിതം ലഭിക്കുന്നു.<br>1. **നെയ്യാർ ജലസേചന പദ്ധതി**<br>2. **പെരിയാർവാലി ജലസേചന പദ്ധതി**<br>(ഇവിടത്തെ ടൂറിസം പ്രവർത്തനങ്ങളെല്ലാം ഈ വർഷം മുതലാണ് ആരംഭിച്ചിട്ടുള്ളത്. ലാഭവിഹിതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.)<br>3. **മലമ്പുഴ ജലസേചന പദ്ധതി**<br>( മലമ്പുഴ ഗാർഡനിലെ പ്രവേശന ഫീസ് ഇനത്തിൽ കിട്ടുന്ന വരുമാനം DTPC ചെയർമാനായ ജില്ലാ കളക്ടറും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന മലമ്പുഴ കാനറബാങ്കിലെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ഗാർഡനിലെ ദൈനംദിന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളത്തിനുമായി വിനിയോഗിക്കുന്നു. ഇതിൽ നിന്നും ജലസേചന വകുപ്പിന് ലാഭമൊന്നും ലഭിക്കുന്നില്ല).<br>4. **മംഗലം ജലസേചന പദ്ധതി**<br>( മംഗലം ഗാർഡനിലെ പ്രവേശന ഫീസ് ഇനത്തിൽ കിട്ടുന്ന വരുമാനം DTPC സെക്രട്ടറിയും മലമ്പുഴ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും ചേർന്ന മലമ്പുഴ കാനറബാങ്കിലെ ജോയിന്റ് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ഗാർഡനിലെ ദൈനംദിന ചെലവുകൾക്കും ജീവനക്കാരുടെ ശമ്പളത്തിനുമായി വിനിയോഗിക്കുന്നു. ഇതിൽ നിന്നും ജലസേചന വകുപ്പിന് ലാഭമൊന്നും ലഭിക്കുന്നില്ല).<br>5. **കാരാപ്പുഴ ജലസേചന പദ്ധതി**<br>(വരുമാനത്തിന്റെ 10% ലഭിക്കുന്നു) |

**സെക്ഷൻ ഓഫീസർ**